# 11

# ഹൃദയത്തിനു കുഴപ്പം ഉള്ള സഭ

## (2:1- 7)

എഫെസൊസ് സഭയിലെ കൂടിവരവ് ഒന്ന് ചിന്തിച്ചുനോക്കുക. നിങ്ങളുടെ പ്രിയ സഹോദരനായ യോഹന്നാനിൽനിന്ന് ഒരു എഴുത്ത് വന്നിരിക്കുന്നു എന്ന വർത്തമാനം പരന്നിരിക്കുകയാണ്, ആ എഴുത്ത് വായിച്ച് കേൾക്കുവാൻ സഭയിലുള്ള എല്ലാവരും കൂടി വന്നിരിക്കുകയാണ്.[1] ആ സന്ദേശം കൊണ്ടുവന്നു നിൽക്കുന്ന ആളുടെ അരുകിലേക്ക് നിങ്ങൾ താൽപര്യത്തോടെ നോക്കും.

**വന്ദനം (2:1)**

"എഫെസൊസിലെ സഭയുടെ ദൂതന്ന് [സന്ദേശവാഹകൻ][2] എഴുതുക" എന്നാണ് നാം വായിക്കുന്ന ആദ്യവാക്കുകൾ (വാ. 1). "ഏഴ് പട്ടണങ്ങളിൽ പ്രധാനപ്പെട്ടതായതുകൊണ്ടാകാം"[3] ആ പട്ടണത്തെ ആദ്യം അഭിസംബോധന ചെയ്തത്. "ആസ്യയുടെ മുത്ത്" എന്നാണ് അതിനെ അറിയപ്പെട്ടിരുന്നത്. അന്ന് അത് ലോകത്തിന്റെ വ്യാപാരകേന്ദ്രമായിരുന്നു, പുരാതനലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നായ, പ്രസിദ്ധമായ ഡയാനാ ക്ഷേത്രവും അവിടെ സ്ഥിതി ചെയ്തിരുന്നു, അത് മനോഹരവും സംസ്ക്കാരസമ്പന്നവും, സമ്പൽസമൃദ്ധവുമായ പട്ടണമായിരുന്നു.[4] 1989 ലെ വസന്തകാലത്തിലേക്ക് എന്റെ ഓർമ്മ പോകുന്നു, എഫെസൊസിലെ പൊട്ടിയ മാർബിൾ വീഥികളിലൂടെ ഞാനും എന്റെ ഭാര്യ ജോയും നടന്നു നടന്ന് ഞങ്ങൾ വലിയ അണ്ഡാകാരത്തിലുള്ള തിയേറ്ററിന് മുൻപിൽ നിന്നു.[5] തുർക്കിയിലെ മിക്കവാറും എല്ലാ കാഴ്ച്ചകളും ഞങ്ങൾ കണ്ടിട്ടുണ്ടെങ്കിലും, അവ ഒന്നും എഫെസൊസിലെ നാശാവശിഷ്ടങ്ങൾ പോലെ വരികയില്ല.[6]

സുവിശേഷപ്രചരണത്തിന്റെ കാര്യത്തിലും എഫെസൊസിന് പ്രാധാന്യമുണ്ടായിരുന്നു. പൗലൊസ് ഏതാണ്ട് മൂന്നു വർഷത്തോളം അവിടെ വേല ചെയ്തു (പ്രവൃത്തികൾ 19:1–22; 20:31).[7] ആ സമയത്ത്, "അവിടെ പാർക്കുന്ന യഹൂദന്മാരും യവനന്മാരും എല്ലാം വചനം കേൾക്കുവാനിടയായി" (പ്രവൃത്തികൾ 19:10). ആ സമയത്ത് ഏഴ് സഭകളിൽ പലതും (അല്ലെങ്കിൽ മിക്കവയും) സ്ഥാപിക്കപ്പെട്ടിരിക്കാം. പിന്നീട് പൗലൊസ് യെരുശലേമിലേക്ക് പോകുന്ന വഴി എഫെസൊസിലെ മൂപ്പന്മാരെ വിളിച്ച് "ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം സംസാരിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽനിന്ന് എഴുന്നേൽക്കും" എന്ന് മുന്നറിയിക്കയുണ്ടായി (പ്രവൃത്തികൾ 20:30). പൗലൊസ് റോമിൽ തടവിലായിരുന്നപ്പോൾ, അവൻ അവർക്ക് ഒരു ലേഖനം എഴുതുകയുണ്ടായി. അവൻ തടവിൽനിന്ന് മോചിതനായപ്പോൾ, തിമൊഥെയൊസിനെ "ചിലരെ അന്യഥാ ഉപദേശിക്കരുതെന്ന് നിർദ്ദേശിക്കുവാൻ" എഫെസൊസിൽ വിട്ടേച്ച് പോയി (1 തിമൊഥെയൊസ് 1:3). ഏതാനും വർഷങ്ങൾക്ക് ശേഷം അപ്പൊസ്തലനായിരുന്ന യോഹന്നാൻ, തന്റെ ജീവിതത്തിന്റെ ഇരുപതോ

മുപ്പതോ വർഷം എഫെസൊസിൽ താമസിച്ചിരുന്നു. ദൈവികസ്നേഹവും വേലയും അധികമായി എഫെസൊസിൽ എത്തിച്ചിരുന്നു.

### യേശുവിനെ കുറിച്ചുള്ള വിവരണം (2:1)

വായനക്കാരൻ തുടരുന്നു: "ഏഴ് നക്ഷത്രങ്ങൾ വലങ്കയ്യിൽ പിടിച്ചും ഏഴ് നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ അരുളിച്ചെയ്യുന്നത്" (വാ. 1). ("*മനുഷ്യപുത്രനോട് സദൃശനായവൻ*" എന്ന പാഠത്തിലെ "നിലവിളക്കുകളുടെ നടുവിൽ നടക്കുന്ന യേശുവിന്റെ" ചിത്രീകരണം നോക്കുക.)

അദ്ധ്യായം 1 ആസ്പദമാക്കിയുള്ള ഈ വിവരണം, യേശുവിനെ കുറിച്ച് രണ്ട് വസ്തുതകൾ എഫെസ്യ സഭ അറിയേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നു.

#### അവന്റെ ശക്തിയും സംരക്ഷണവും

ആദ്യം, അവർ തങ്ങളുടെ ശക്തിക്ക് യേശുവിൽ ആശ്രയിക്കണം എന്ന് അത് ഊന്നി പറയുന്നു. തന്റെ മകന്റെ കയ്യിൽ നക്ഷത്രസമൂഹം കാണിക്കുന്ന ഒരു നാണയം ഡൊമീഷ്യൻ ഇറക്കിക്കൊണ്ട്, പ്രപഞ്ചത്തിന്റെ അന്തിമലക്ഷ്യം അവനായിരിക്കുമെന്ന് സൂചിപ്പിച്ചിരുന്നു. എന്നാൽ വാസ്തവത്തിൽ നക്ഷത്രങ്ങൾ യേശുവിന്റെ വലങ്കയ്യിലാണെന്നും, ഡൊമീഷ്യനോ അവന്റെ അവകാശികളോ അല്ല, മറിച്ച് ക്രിസ്തുവാണ് എല്ലാറ്റിനേയും നിയന്ത്രിക്കുന്നത് എന്നും എഫെസ്യർ അറിയേണ്ടിയിരുന്നു.

1:16–ൽ[8] ഉപയോഗിച്ച വാക്കിനേക്കാൾ ശക്തമായ വാക്കാണ് 2:1 ലെ വാക്കായ "പിടിച്ച്" എന്നത് തർജിമ ചെയ്തിരിക്കുന്നത്. "*ഉറച്ച* പിടി" ആയിട്ടാണ് അത് പറയുന്നത്.[9] സഭകളുടെ സംരക്ഷണം യേശുവിന്റെ കൈകളിലാണ്.[10] യേശുവിന്റെ *ശക്തിയും സംരക്ഷണവും* ഊന്നി പറഞ്ഞിരിക്കുന്നു. ഇന്നും നാം വ്യക്തികളായ ക്രിസ്ത്യാനികളായും ഇടവകകളായും നമ്മുടെ ശക്തിക്ക് നാം യേശുവിൽ ആശ്രയിക്കണം.

#### അവന്റെ സാന്നിധ്യവും അവബോധവും

രണ്ട്, എഫെസ്യരുടെ പ്രവൃത്തികൾക്ക് അവർ യേശുവിന് കണക്ക് കൊടുക്കേണ്ടതാണെന്ന് യേശുവിനെ കുറിച്ചുള്ള വിവരണം അവരെ ഓർപ്പിക്കുന്നു. "യേശു നിലവിളക്കുകളുടെ നടുവിൽ" *നിൽക്കുന്ന*തായിട്ടാണ്, അദ്ധ്യായം 1 ലെ ദർശനത്തിൽ യോഹന്നാൻ കണ്ടത് (1:13); ഈ സമയത്ത് വിവരിച്ചിരിക്കുന്നത് നിലവിളക്കുകളുടെ നടുവിൽ *നടക്കുന്നവനാ*യിട്ടാണ്. അവൻ നടന്നപ്പോൾ, സഭകളെ നോക്കി, അവരുടെ ശക്തിയും, അവരുടെ ബലഹീനതകളും പരിശോധിച്ച്, ആത്മിയാവസ്ഥ വിലയിരുത്തി. യേശുവിന്റെ *സാന്നിധ്യവും അവബോധവും* ഇവിടെ ഊന്നി പറഞ്ഞിരിക്കുന്നു.

യേശു ഇപ്പോഴും തന്റെ സഭകളുടെ നടുവിൽ കൂടെ നടക്കുന്നുണ്ടോ? ഉണ്ട്, നടക്കുന്നുണ്ട്. അവൻ ഇപ്പോഴും പരിശോധനാ സന്ദർശനം നടത്തി ശക്തിയും ബലഹീനതയും നോക്കുന്നുണ്ടോ? ഉണ്ട്, നോക്കുന്നുണ്ട്. ഇവിടെ നിങ്ങളും ഞാനും ആരാധിക്കുന്ന ഇടവകകൾ സന്ദർശിക്കുമ്പോൾ, അവൻ എന്താണ് കാണുന്നത്? ഏറ്റവും പ്രധാനമായി, യേശു നിങ്ങളുടേയും എന്റേയും ഹൃദയം പരിശോധിക്കുമ്പോൾ, അവൻ എന്ത് കാണും? അവന് എന്തു കാണുമ്പോഴാണ് സന്തോഷമുണ്ടാകുന്നത്? എന്തു കാണുമ്പോഴാണ്

ദുഃഖമുണ്ടാകുന്നത്?

സഭയുടെ സ്വർഗം - അധികാരപ്പെടുത്തിയ ഏകപരിശോധകൻ യേശു മാത്രമാണ്. അവന് മാത്രമെ അതിനുള്ള ശരിയായ[11] ഉത്തരവാദിത്വവും വിഭവങ്ങളും ഉള്ളു.[12] നാം നമ്മുടെ തെറ്റുകൾ കണ്ടുപിടിച്ച് അച്ചടക്കം വരുത്തുവാൻ കർത്താവ് ആഗ്രഹിക്കുന്നു (2:2, 6), എന്നാൽ സഹോദര സഭകളുടെ പരിശോധകരാകുവാനുള്ള പരീക്ഷണത്തെ നാം തടയണം. നാം ആരാധിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഇടവകകളിൽ നമ്മുടേതായ കുറവുകളും ബലഹീനതകളും ധാരാളമുണ്ട്.

### പ്രശംസ (2:2, 3, 6)


വായന തുടർന്നപ്പോൾ, എഫെസ്യ സഭയെ പ്രശംസിക്കുന്നു. മുൻപിലെ പദപ്രയോഗത്തോട് യോജിക്കുന്നതായിരുന്നു പ്രശംസ: "ഞാൻ നിന്റെ[13] പ്രവൃത്തി അറിയുന്നു"[14] (വാ. 2). "അറിയുക" എന്ന വാക്ക് തർജിമ ചെയ്തതിന്റെ അർത്ഥം പൂർണ്ണമായ "അറിവുണ്ടാകുക", "മുഴുവനായും അറിയുക എന്നാണ്".[15]സിഇൗവി ആ പദപ്രയോഗത്തെ തർജിമ ചെയ്തിരിക്കുന്നത്, "നീ ചെയ്ത പ്രവൃത്തികളെല്ലാം ഞാൻ അറിയുന്നു." "അവന്ന് മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല, സകലവും അവന്റെ കണ്ണിന്ന് നഗ്നവും മലർന്നതുമായി കിടക്കുന്നു" എന്ന് എഫെസ്യയിലുള്ള ക്രിസ്ത്യാനികൾ അറിയേണ്ടിയിരുന്നു (എബ്രായർ 4:13). നാമും അത് അറിയേണ്ടതുണ്ട്.

യേശു തുടങ്ങിയത് എഫെസ്യസഭയുടെ ക്രിയാത്മകഗുണത്തോടുകൂടിയാണ്. നാം ഒരു വ്യക്തിയെയോ ഇടവകയെയോ കണ്ടുമുട്ടുമ്പോൾ അവരുടെ ക്രിയാത്മകഗുണത്തെ സത്യസന്ധമായി പ്രശംസിച്ചുകൊണ്ടായിരിക്കണം തുടങ്ങേണ്ടത്.

### സേവനവും സഹിഷ്ണുതയും

യേശു ആദ്യം സഭയുടെ പ്രവൃത്തിയെയും ദൃഢചിത്തതയെയും പ്രശംസിച്ചു: "ഞാൻ നിന്റെ പ്രയത്നവും സഹിഷ്ണുതയും അറിയുന്നു"[16] (വാ. 2). "പ്രവൃത്തി" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "ക്ഷീണിപ്പിക്കുന്ന പ്രവൃത്തി"[17] എന്നാണ്. ജോലി ചെയ്യേണ്ടതായി വന്നപ്പോൾ, അവർ കൈയ്യും കെട്ടി നടന്നില്ല. പകരം, അവർ തങ്ങളുടെ പേശികൾ വേദനിക്കുകയും വസ്ത്രങ്ങൾ വിയർപ്പുകൊണ്ട് നനയുന്നതുവരെയും അദ്ധ്വാനിച്ചുകൊണ്ടിരുന്നു.

കൂടാതെ, ജോലി പ്രയാസമായപ്പോഴും അവർ അത് ഉപേക്ഷിച്ചില്ല. വാക്യം 3-ൽ യേശു പറഞ്ഞു, "നിനക്ക് സഹിഷ്ണുതയുള്ളതും, എന്റെ നാമം നിമിത്തം നീ സഹിച്ചതും, തളർന്നുപോകാത്തതും ഞാൻ അറിയുന്നു." "തളർന്നു പോകാത്തതും" എന്ന പ്രയോഗത്തിന് വാക്യം 2 ലെ "പ്രയത്നം" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്കാണ് കാണുന്നത്. "ജോലിയിൽ ക്ഷീണം ഉണ്ടാകാത്ത ക്ഷീണത്തിൽ തന്നെ അവർ ജോലി ചെയ്തു" എന്ന് ആരോ പറയുകയുണ്ടായി. നമുക്ക് എല്ലാവർക്കും ആ ഗുണം ആവശ്യമാണ്! (ഗലാത്യർ 6:9; 2 തെസലൊനിക്യർ 3:13.)



മനുഷ്യശരീരത്തിന്റെ ചിത്രീകരണം ഉപയോഗിച്ചുകൊണ്ട്, എഫെസ്യസഭക്ക് *ശക്തമായ ഒരു സേവനവലയെ ഉണ്ടായിരുന്നു* എന്നു പറയാം.

**പത്ഥ്യവും വേർപാടും**

പിന്നെ യേശു അവരുടെ പത്ഥ്യത്തിനും[18] വേർപാടിനും അവരെ പ്രശംസിക്കുന്നു: "കൊള്ളരുതാത്തവരെ ... നിനക്ക് സഹിച്ചുകൂടാത്തതും, അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്ന് പറയുന്നവരെ നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും" (വാ. 2). "സഹിഷ്ണുത" എന്ന വാക്ക് വാക്യം 2 ലും 3 ലും ഉപയോഗിച്ചിട്ടുണ്ട്.[19] തളർച്ചയുണ്ടാക്കുന്ന ജോലിയിൽ അവർ സഹിഷിണുതയുള്ളവരായിരുന്നു (ഉൾക്കൊണ്ടു), എന്നാൽ ദുരുപദേശത്തിന്റെ കാര്യത്തിൽ അവർ സഹിഷ്ണുതയില്ലാത്തവർ (ഉൾക്കൊള്ളാതിരിക്കൽ) ആയിരുന്നു.


"ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും" എന്ന് പൗലൊസ് എഫെസ്യമൂപ്പന്മാരെ മുന്നറിയിക്കയുണ്ടായി (പ്രവൃത്തികൾ 20:29). "ആടുകളുടെ വേഷം ധരിച്ച ചെന്നായ്ക്കളിൽ" ചിലർ തങ്ങളെ "അപ്പൊസ്തലന്മാർ" എന്നാണ് വിളിച്ചിരുന്നത് (2 കൊരിന്ത്യർ 11:13). അവർ ആദ്യം നല്ല പ്രകടനം കാഴ്ച്ചവെച്ച് ആളുകളുടെ പ്രീതി സമ്പാദിക്കുകയും അവരെ തങ്ങളുടെ ചിന്താധാരയിലേക്ക് കൊണ്ടുവരികയും ചെയ്തിരിക്കാം. എങ്ങനെയായാലും, എഫെസ്യസഭയെ മുന്നറിയിച്ചിരുന്നു. പൗലൊസ് മുന്നറിയിച്ചതിനുപുറമെ യോഹന്നാൻ എഴുതി, "പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ, ഏത് ആത്മാവിനേയും വിശ്വസിക്കാതെ, ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്ന് *ശോധന ചെയ്വിൻ*" (1 യോഹന്നാൻ 4:1; എംഫസിസ് മൈൻ). പുതുതായി വന്ന ആളുടെ ഉപദേശത്തെ എഫെസ്യർ ദൈവവചനവുമായി ഒത്തു നോക്കി കാണും (പ്രവൃത്തികൾ 17:11). അവർ ഒരുപക്ഷെ സ്വയം – "അപ്പൊസ്തലന്മാർ" എന്നവകാശപ്പെട്ടവരോട് "വാസ്തവത്തിലുള്ള ഒരു അപ്പൊസ്തലന്റെ അടയാളം [അത്ഭുതം] കാണിപ്പാൻ അവർ ആവശ്യപ്പെട്ടിരിക്കാം" (2 കൊരിന്ത്യർ 12:12).[20]

എഫെസ്യർ ദുരുപദേഷ്ടാക്കന്മാരുടെ ഉപദേശം വെറുതെ കേൾക്കുവാൻ തയ്യാറായില്ല, പുറമെ, ദുരുപദേഷ്ടാക്കന്മാരുടെ സ്വാധീനത്തെ കുറിച്ചും അവൻ വിചാരപ്പെട്ടിരുന്നു. വാക്യം 6-ൽ യേശു പറഞ്ഞു, "എങ്കിലും നിക്കൊലാവ്യരുടെ *നടപ്പ്* നീ പകെക്കുന്നു എന്ന ഒരു നന്മ നിനക്കുണ്ട്. അതു ഞാനും പകെക്കുന്നു" (എംഫസിസ് മൈൻ). നിക്കൊലാവ്യർ ദുരുപദേഷ്ടാക്കന്മാരും, അഭക്തിയിൽ ജീവിക്കുന്നവരും, മറ്റുള്ളവരെ അതിന് പ്രോൽസാഹിപ്പിക്കുന്നവരുമായിരുന്നു. അവരുടെ ഉപദേശം "ബിലെയാമിന്റെ ഉപദേശത്തോട്" സാമ്യപ്പെടുത്തിയാണ് യേശു പറഞ്ഞത്, ബിലെയാമാണ് "യിസ്രായേൽ മക്കളോട് വിഗ്രഹാർപ്പിതം തിന്നുവാനും ദുർന്നടപ്പ് ആചരിപ്പാനും ഉപദേശം കൊടുത്തത്" (2:14, 15).[21] ദുർന്നടപ്പ് ആചരിച്ച പ്രാരംഭ നോസ്റ്റിക് സംഘമായിരുന്നു[22] നിക്കൊലാവ്യർ എന്ന് ഹിപ്പോപോളിറ്റസ് തിരിച്ചറിഞ്ഞിരുന്നു.[23] സഭയിലെ ആദ്യ "ശുശ്രൂഷകന്മാരിൽ"[24] ഒരാളായിരുന്ന നിക്കൊലാസ് ആയിരുന്നു തങ്ങളുടെ ഉപദേശം തുടങ്ങിയത് എന്ന് പറഞ്ഞു അവരുടെ അധാർമ്മിക ഉപദേശത്തെ അവർ ന്യായീകരിക്കുവാൻ

ശ്രമിച്ചിരുന്നു (പ്രവൃത്തികൾ 6:5).[25]

''പകെക്കുക'' എന്ന വാക്ക് ശ്രദ്ധിക്കുക: യേശു പറഞ്ഞു, ''നിക്കൊലാവ്യരുടെ നടപ്പ് നീ *പകെക്കുന്നു*, ഞാനും പകെക്കുന്നു.'' ദൈവം തിന്മയെ *പകെക്കുന്നു* (സദൃശവാക്യം 6:16–19), നാമും തിന്മയെ പകെക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു (റോമർ 12:9). എങ്ങനെയായാലും, എഫെസ്യർ നിക്കൊലാവ്യരെയല്ല പകച്ചത്; അവരുടെ *നടപ്പിനെ*യാണ്, എന്ന് മനസിലാക്കുക. അവരുടെ പ്രവൃത്തിയെയാണ് അവർ പകെച്ചത്, ആളുകളെ അവർ സ്നേഹിച്ചിരുന്നു. നാം ഓരോരുത്തരും പാപത്തെ വെറുക്കുകയും പാപികളെ സ്നേഹിക്കയും വേണം. ഒരു വൈദ്യൻ രോഗിയുടെ ശരീരത്തിലുള്ള അർബ്ബുദത്തെ വെറുക്കും, പക്ഷെ രോഗിയോട് അയാൾ മനസലിവുണ്ടാകും.

"കനോട്ട് എൻഡ്വർ" എന്ന പദപ്രയോഗം ഒരുപക്ഷെ സൂചിപ്പിക്കുന്നത് എഫെസ്യർ ദുരുപദേഷ്ടാക്കന്മാരെ അവർക്കിടയിൽ അനുവദിച്ചില്ല എന്നായിരിക്കാം. അവരുടെ തെറ്റുകളെ അവർ ചൂണ്ടിക്കാണിക്കയും അവരോടുള്ള കൂട്ടായ്മയിൽനിന്ന് പിന്തിരിയുകയും ചെയ്തിരിക്കാം (2 തെസലൊനിക്യർ 3:6; 1 കൊരിന്ത്യർ 5:6–11; മത്തായി 18:17). അവരുടെ മനോഭാവത്തെ ഹോമർ ഹെയ്‌ലി ഈ വാക്കുകളാൽ പ്രകടിപ്പിച്ചിരിക്കുന്നു: ''[നിക്കൊലാവ്യർ] മാറിയില്ലെങ്കിൽ, അവരെ അവർ മാറ്റുമായിരുന്നു."[26]




"കനോട്ട് എൻഡ്വർ" എന്നത് ഏബി തർജിമ ചെയ്തിരിക്കുന്നത് ''കനോട്ട് *ടോളറേറ്റ്*'' എന്നാണ് (എംഫസിസ് മൈൻ). ആ പ്രസ്താവന "രാഷ്ട്രീയമായി തെറ്റാണ്" എന്നാണ് ലോകത്തിൽ പല ഭാഗത്തുമുള്ളവർ പറയുന്നത്. സഹിഷ്ണുത പ്രശംസിക്കപ്പെടുകയും അസഹിഷ്ണുത കുറ്റപ്പെടുത്തുകയും ചെയ്യുന്നു; എന്നാൽ യേശു ഒരു സഭയെ അവരുടെ അസഹിഷ്ണുതക്ക് അവരെ പുകഴ്ത്തുകയുണ്ടായി – പ്രത്യേകിച്ച് അവർക്ക് പാപത്തെ സഹിച്ചുകൂടാത്തത്. പാപത്തിനെതിരായി നാം "മരണത്തോട്" പോരാടിക്കൊണ്ടിരിക്കുകയാണ് (എഫെസ്യർ 6:11; വെളിപ്പാട് 12:17). നമുക്ക് *വിട്ടുവീഴ്ച്ച സാധ്യമല്ല.*


മനുഷ്യശരീരത്തെ ഒരു ചിത്രീകരണമായി തുടരുമ്പോൾ, എഫെസ്യസഭക്ക് ശക്തമായ ഒരു ഇടതുകൈ അച്ചടക്കമുണ്ടായിരുന്നു എന്നു പറയാം.

മുകളിൽ വിവരിച്ച ഗുണങ്ങളുള്ള ഇടവകയിൽ അംഗങ്ങളായിരിപ്പാൻ നമ്മിൽ മിക്കപേരും സന്തോഷിക്കും. എങ്ങനെയായാലും, പരിശോധനാഫലം തീർന്നില്ല.

## ശിക്ഷാവിധി (2:4)

ഈ സമയം വരെയും, എഫെസ്യയിലെ ഇടവകയിൽ കൂടിവന്നിരുന്നവരുടെ മുഖത്ത് പുഞ്ചിരി വിരിയുകയും തലയാട്ടിക്കൊണ്ട് അന്യോന്യം നോക്കുകയും ചെയ്തുകൊണ്ടിരുന്നു. "ഞങ്ങളെ കുറിച്ച് ഇതിനേക്കാൾ മെച്ചമായി പറയുവാനില്ല!" എന്ന് ചിലരെങ്കിലും വിചാരിച്ചുകാണും. എന്നാൽ വായനക്കാരൻ തുടർന്നു, "ഒരു കുറ്റം നിന്നെ കുറിച്ച് പറവാനുണ്ട്" എന്നു പറഞ്ഞപ്പോൾ

അവരുടെ മുഖത്തെ പുഞ്ചിരി പോയി (വാ. 4). "നിന്റെ ആദ്യസ്നേഹം[27] നീ വിട്ടുകളഞ്ഞു[28]" എന്ന കർത്താവിന്റെ കുറ്റപ്പെടുത്തൽ കേട്ടപ്പോൾ അവർ സ്തംഭിച്ചു നിശബ്ദരായിപ്പോയി (വാ. 4).




ആ ക്രിസ്ത്യാനികൾക്ക് ശക്തമായ വലതുകൈ സേവനവും, ശക്തമായ ഇടതുകൈ അച്ചടക്കവുമുണ്ടായിരുന്നേക്കാം, പക്ഷെ അവരുടെ *ഹൃദയത്തിന് കുഴപ്പമായിരുന്നു.*[29]

പുറമെ ആരോഗ്യവാനായിരുന്നിട്ട്, മുന്നറിയിപ്പുകൂടാതെ പെട്ടെന്ന് മരിച്ചുപോയ ആരെയെങ്കിലും നിങ്ങൾക്ക് അറിയാമോ? ചെറിയ ദഹനക്കേടല്ലാതെ മറ്റു ആരോഗ്യപ്രശ്നങ്ങളൊന്നുമില്ലാതിരുന്ന, കഠിനാ - ദ്ധ്വാനിയായ എന്റെ അമ്മായി - അപ്പൻ അമ്പത്തി - അഞ്ചാമത്തെ വയസിൽ വലിയൊരു ഹൃദയാഘാതത്താൽ മരിച്ചുപോയതാണ് എന്റെ ഓർമ്മയിൽ വരുന്നത്. ആത്മീയമായി എഫെസ്യസഭ ആരോഗ്യമുള്ളതായിട്ടാണ് പുറമെ കാണപ്പെട്ടത്. അത് കർത്താവിന്റെ വേല ചെയ്തുകൊണ്ടിരുന്നു, ഉപദേശപരമായി ശക്തവുമായിരുന്നു - എന്നാൽ അതിന്റെ ഹൃദയത്തിന് മാരകമായ കുഴപ്പമായിരുന്നു.

യേശു പറഞ്ഞത് ദൈവത്തോടുള്ള സ്നേഹമായിരുന്നോ അതോ പരസ്പരമുള്ള സ്നേഹമായിരുന്നോ എന്നതിനെ കുറിച്ച് വ്യാഖ്യാതാക്കൾക്കിടയിൽ വിയോജിപ്പുണ്ട്.[30] ആ ചോദ്യം അപ്രസക്തമാണ് കാരണം വാസ്തവത്തിലുള്ള സ്നേഹത്തിൽ രണ്ടും ഉൾപ്പെട്ടിരിക്കും (1 യോഹന്നാൻ 4:20). "ആദ്യ" എന്നതാണ് യേശുവിന്റെ പ്രസ്താവനയിലെ മുഖ്യവാക്ക്. "നീ നിന്റെ *ആദ്യ*സ്നേഹം വിട്ടുകളഞ്ഞു" (എംഫസിസ് മൈൻ).[31] "നീ *ആദ്യം* സ്നേഹിച്ചതുപോലെ സ്നേഹിക്കുന്നില്ല" എന്നാണ് ഫിലിപ്സിന്റെ തർജിമയിൽ.[32]

"ആദ്യസ്നേഹം" എന്നത് അനുമോദിക്കുവാൻ ആദ്യമായി വിവാഹിതരായ ദമ്പതികളെ കുറിച്ച് ചിന്തിക്കുക. അവരുടെ സ്നേഹത്തെ നിങ്ങൾ എങ്ങനെ കാണും? അതിനെ വിവരിക്കാവുന്ന വാക്കുകൾ, "തീവ്രതയുള്ള," "ആവേശമുള്ള," "അമിതമായ" എന്നിവയാണ് ഓർമ്മയിലേക്ക് വരുന്നത്. ആത്മിയമായ കാര്യത്തിലേക്ക് വരുമ്പോൾ, നിങ്ങൾ ആദ്യമായി ക്രിസ്ത്യാനി ആയ സമയം ഓർക്കുക. നിങ്ങൾ സ്നാനമേറ്റപ്പോൾ നിങ്ങൾക്ക് എന്തുമാത്രം സന്തോഷമുണ്ടായി എന്ന് ഓർമ്മയുണ്ടോ? അന്ന് ആരാധന നിങ്ങളെ എത്രമാത്രം സന്താഷിപ്പിച്ചു എന്ന് ഓർക്കുന്നുണ്ടോ? മറ്റുള്ളവരെ സഹായിക്കുവാനുള്ള അവസരം നിങ്ങൾ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തി എന്ന് ഓർമ്മയുണ്ടോ? നിങ്ങളുടെ വിശ്വാസം പങ്കിടുവാൻ അന്ന് നിങ്ങൾക്ക് എത്ര ആവേശമാണുണ്ടായിരുന്നതെന്ന് ഓർക്കുന്നുണ്ടോ? അന്നു നിങ്ങൾക്കുണ്ടായിരുന്ന സ്നേഹത്തെ നിങ്ങൾ എങ്ങനെയാണ് വിവരിക്കുക? ഒരുപക്ഷെ "തീവ്രതയുള്ള," "ആവേശമുള്ള," "അമിതമായ" എന്നീ വാക്കുകൾ ഇക്കാര്യത്തിലും പ്രയോഗിക്കാം.

വിവാഹജീവിതത്തിലും - ദൈവവുമായുള്ള ജീവിതത്തിലും സ്നേഹം - സ്വാഭാവികമായി അതിന്റെ തീവ്രതയോടും അടുപ്പത്തോടുംകൂടെ

ഉണ്ടാകുമോ? കത്തിജ്ജ്വലിക്കുന്ന സ്നേഹത്തോടെയാണ് ഒരു ദമ്പതിമാർ തങ്ങളുടെ ജീവിതം ആരംഭിക്കുന്നത്. പിന്നെ കുറവ് നികത്തിയില്ലെങ്കിൽ ആ ജ്വാലയുടെ പ്രകാശം കുറഞ്ഞു കുറഞ്ഞുവരും. ദമ്പതിമാർ അധികവും ഒരേപോലെ പെരുമാറും. സ്ത്രീ നല്ല ഭാര്യയാകുവാൻ ശ്രമിക്കും, ഭർത്താവ് കുടുംബത്തിന് വേണ്ടി നൽകിക്കൊണ്ടിരിക്കും, എന്നാൽ പ്രകാശം നഷ്ടപ്പെടുന്നു. അവർ "നിത്യവും ചലിച്ചുകൊണ്ടിരിക്കും"; അവരുടെ വിവാഹ ജീവിതം ഒരു നിത്യചടങ്ങായി തീരും.

നമ്മുടെ ആത്മീയജീവിതത്തിലും നമുക്ക് തീവ്രതയും അടുപ്പവും നഷ്ടമാകും. ഒരു ദിവസം നാം ഉണരുമ്പോൾ, ദൈവത്തോടുള്ള നമ്മുടെ സേവനം ഹൃദയംഗമമല്ലാതെ, ഒരു ചടങ്ങായി തീരുന്നതു കാണാം, അനുസരിക്കുന്നത് സ്നേഹമില്ലാത്ത വെറും കടമയായിത്തീരുന്നു.

ചിലർ തടസവാദം ഉന്നയിച്ചേക്കാം: ''ആദ്യസ്നേഹം ആവേശകരമായിത്തന്നെ തുടരുന്നത് യാഥാർത്ഥ്യരഹിതമാണ് – അത് വിവാഹജീവിതത്തിലായാലും ക്രിസ്തീയജീവിതത്തിലായാലും. സമയം കഴിയുന്തോറും നമ്മുടെ സ്നേഹത്തിന് മങ്ങലേൽക്കും. അത് അങ്ങനെയാണ്. അതിൽ വിഷമിക്കേണ്ട കാര്യമില്ല." അത് യേശുവിനെ വിഷമിപ്പിക്കുമോ? അവൻ പറഞ്ഞു, "നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന *ഒരു കുറവ് നിനക്കുണ്ട്*" (വാ. 4; എംഫസിസ് മൈൻ). യേശു അതിനെ കുറിച്ച് വിചാരപ്പെടുകയാണെങ്കിൽ, നാമും അതിനെ കുറിച്ച് വിചാരപ്പെടണം.

കർത്താവ് വിചാരപ്പെടുവാനുള്ള കാരണം അടുത്ത വാക്യത്തിൽ പറയുന്നു.

### മുന്നറിയിപ്പും ഭീഷണിയും (2:5)

യേശുവിന്റെ മുന്നറിയിപ്പ് വായിച്ച് കേട്ടപ്പോൾ, നാം ഊഹിച്ച ഇടവകയുടെ മുഖം വാടിക്കാണും: "നീ ഏതിൽനിന്നു വീണിരിക്കുന്നുഎന്നോർത്ത് മാനസാന്തരപ്പെടുക. അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽനിന്ന് നീക്കുകയും ചെയ്യും" (വാ. 5). നിലവിളക്ക് സൂചിപ്പിക്കുന്നത് ഇടവക തന്നെയാണ് (1:20). നിലവിളക്ക് നീക്കം ചെയ്യൽ കൊണ്ട് ആലങ്കാരികമായി ഉദ്ദേശിക്കുന്നത് ഇടവക ഇല്ലാതാകുമെന്നാകണം.[33] കത്തി ഫ്യൂസായ ഒരു ബൾബ് എന്തു ചെയ്യും: ദൂരെ കളയും. നിലവിളക്കിന് സ്നേഹജ്വാല ഇല്ലാതെ വന്നാലെന്തു ചെയ്യും? അത് നീക്കം ചെയ്യും. എഫെസ്യർക്ക് തിരഞ്ഞെടുക്കാവുന്നത് റിച്ചേർഡ് റോജേഴ്സ് ഈ വാക്കുകളിൽ ചുരുക്കി പറഞ്ഞിരിക്കുന്നു: "നവീകരണം അല്ലെങ്കിൽ നിഷ്ക്കാസനം!"[34]

ഒരിക്കലും അത് സംശയിക്കരുത്: ഹൃദയത്തിന്റെ ഗുരുതരമായ കുഴപ്പം, ചികിൽസിച്ചില്ലെങ്കിൽ, അത് മരണത്തിലേക്ക് നയിച്ചേക്കാം! അത് മനുഷ്യശരീരത്തെ സംബന്ധിച്ച് വാസ്തവമാണ്. അത് വിവാഹജീവിതത്തെ സംബന്ധിച്ച് വാസ്തവമാണ്. ഒരു ഇടവകയെ സംബന്ധിച്ചും അത് വാസ്തവമാണ്. നമ്മുടെ ആത്മാക്കളെ സംബന്ധിച്ചും അത് വാസ്തവമാണ്.

എഫെസ്യർക്ക് യേശു രോഗമുന്നറിയിപ്പ് മാത്രമല്ല, ഔഷധനിശ്ചയവും നല്കുകയുണ്ടായി. ഹൃദയത്തിന്റെ കുഴപ്പത്തിന് അവൻ മൂന്നു വിധത്തിലുള്ള പ്രതിവിധിയായിരുന്നു നൽകിയത് (നൽകുന്നത്).[35]

**ഓർക്കുക**[36]

ആദ്യമായി അവർ *ഓർമ്മിക്കേണ്ടിയി*രുന്നു: "നീ ഏതിൽനിന്നു വീണിരിക്കുന്നു എന്ന് ഓർക്കുക ..."[37] (വാ. 5). ദമ്പതിമാർക്ക് ഞാൻ കാൺസലിങ്ങ് നടത്തുമ്പോൾ, അവർ ആദ്യം കണ്ടുമുട്ടിയതെങ്ങനെ യാണെന്നും, അപ്പോൾ അവർക്ക് അന്യോന്യം എന്തു തോന്നിയെന്നും, എപ്പോഴാണ് വിവാഹം കഴിച്ചാൽ നന്നായിരിക്കുമെന്ന് തോന്നിയതെന്നും രണ്ടുപേരോടും ചോദിക്കാറുണ്ട്. ഓരോ സംഭവത്തെയും ഓർമ്മിക്കുവാൻ പറഞ്ഞിട്ട്, "അപ്പോൾ എങ്ങനെ തോന്നിയിരുന്നു?" എന്നും ചോദിക്കും. അവരുടെ ബന്ധം യഥാസ്ഥാനപ്പെടണമെങ്കിൽ, അവർ തങ്ങളുടെ ആദ്യം ഒരാൾ മറ്റെയാളിൽ കണ്ടിരുന്നതെന്തെല്ലാമെന്ന് *ഓർക്കണം.* അവർ ആദ്യം സ്നേഹിച്ചതുകൊണ്ടാണല്ലോ, വിവാഹം കഴിക്കുവാൻ തയ്യാറായത്. അത് എത്രത്തോളം നഷ്ടമായിരിക്കുന്നു എന്നും അത് തിരികെ കൊണ്ടുവരേണ്ടത് എത്രത്തോളം അനിവാര്യമാണെന്നും അവർ തിരിച്ചറിയണം.

അതുപോലെ, ഒരാളുടെ ആത്മിയജീവിതത്തിൽ, ആദ്യസ്നേഹം വിട്ടുകളയുന്നവർ തങ്ങളുടെ ക്രിസ്തീയജീവിതത്തിലെ ആരംഭദിനങ്ങൾ അയാൾ ഓർക്കണം. ആ ദിവസങ്ങളിൽ ഉണ്ടായ ആവേശവും ആഹ്ലാ ദവും എത്രമാത്രമുണ്ടായിരുന്നു എന്ന് ഓർക്കുക. കൂടാതെ, അയാളെ പാ പത്തിൽനിന്നു രക്ഷിക്കുവാൻ *കർത്താവ് ആദ്യം എന്തു ചെയ്തു* എന്നും ഓർക്കണം. ജോൺ ന്യൂട്ടൻ ഒരു ഉപദേഷ്ടാവായി തീരുന്നതിന് മുൻപ്, അടിമ - ക്കച്ചവടം നടത്തിയിരുന്ന ഒരു കൊടുംപാപിയായിരുന്നു. അയാൾ പ രിവർത്തനം ചെയ്തശേഷം, തന്റെ മേൽക്കുപ്പായത്തിൽ വലിയ അക്ഷരത്തിൽ ഒരു വേദഭാഗം എഴുതി തൂക്കിയിടുമായിരുന്നു: "നീ മിസ്രയിം ദേശത്ത് അടിമയായിരുന്നു എന്നും നിന്റെ ദൈവമായ യഹോവ നിന്നെ വീണ്ടെടുത്തു എന്നും ഓർക്കേണം ..." (ആവർത്തനപുസ്തകം 15:15; കെജവി).

**മാനസാന്തരപ്പെടുക**

അടുത്തത്, *മനസു*മായി ബന്ധപ്പെട്ടതാണ്: "... മാനസാന്തരപ്പെടുക"[38] (വാ. 5). ആ ആജ്ഞ നമുക്ക് നഷ്ടമാകാതിരിക്കുന്നതിന്, ആ വാക്യത്തിന്റെ അവസാനം കർത്താവ് വീണ്ടും പറയുന്നു, "നീ മാനസാന്തരപ്പെടാഞ്ഞാൽ ... നിന്റെ നിലവിളക്ക് - അതിന്റെ സ്ഥാനത്ത് നിന്ന് നീക്കികളയും" (വാ. 5). "മനസിന്റെ [അടിസ്ഥാനമാക്കി] പ്രതിഫലനമാറ്റമാണ് മാനസാന്തരം".[39] നാം നമുക്ക് നഷ്ടമായതിനെ ഓർക്കുമ്പോൾ, ആവശ്യം സമ്മതിക്കയും മാറ്റത്തിന് തീരുമാനം എടുക്കുകയും വേണം.

ദമ്പതിമാരെ തമ്മിൽ യോജിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ ഞാൻ അവരോട് അവരുടെ അവസ്ഥ, എന്തു ചെയ്യുവാൻ പോകുന്നു എന്നതിനേക്കാൾ പ്രാധാന്യ മുള്ളതല്ല എന്ന് പറയാറുണ്ട്. അവർക്കിടയിൽ നഷ്ടപ്പെട്ട സ്നേഹത്തിന്റെ ജ്വാല വീണ്ടും ജ്വലിപ്പിക്കണമെന്ന് വാസ്തവത്തിൽ *ആഗ്രഹിക്കു*ന്നുവെങ്കിൽ അത് സംഭവിക്കുക തന്നെ ചെയ്യും; അവർക്ക് താല്പര്യമില്ലെങ്കിൽ ആരെല്ലാം എന്തെല്ലാം പറഞ്ഞാലും വലിയ വ്യത്യാസം ഒന്നും വരുത്തുവാൻ പോകുന്നില്ല.

ചിന്തയുടെ അടിസ്ഥാനത്തിലുള്ളതായിരിക്കും വാസ്തവത്തിലുള്ള മാന സാന്തരം, തൽഫലമായി ഒരു തീരുമാനവുമുണ്ടാകും - ഈ കാര്യത്തിൽ, നി ങ്ങളുടെ ആദ്യസ്നേഹം വീണ്ടെടുക്കുവാനായി, ദൈവസഹായത്തോടെ, നി ങ്ങൾക്ക് ചെയ്യുവാൻ കഴിയുന്നതെല്ലാം ചെയ്യണം.

**ആവർത്തിക്കുക**[40]

അവസാനമായി, അതിൽ *ശക്തിയും കഴിവുകളും* ഉൾപ്പെട്ടിരിക്കണം: "... ആദ്യത്തെ പ്രവൃത്തി ചെയ്ക" (വാ. 5). ഈ നിർദ്ദേശം ആദ്യം കേൾക്കുമ്പോൾ അസാധാരണമായി തോന്നിയേക്കാം. എങ്ങനെയും, അവരുടെ പ്രയത്നം നിർത്താതിരുന്നതിന് യേശു അവരെ അഭിനന്ദിക്കുന്നുണ്ട് (2:2, 3). പിന്നെ, എന്തിനാണ് അവരോട് "പ്രവൃത്തി ചെയ്യുവാൻ പറഞ്ഞത്?" വീണ്ടും, മുഖ്യവാക്ക് "ആദ്യത്തെ" എന്നതാണ്; "... നിന്റെ [ആ] *ദ്യത്തെ* പ്രവൃത്തി ചെയ്ക" (എംഫസിസ് മൈൻ). അവർ അപ്പോഴും പ്രയത്നിക്കുന്നുണ്ടായിരുന്നു, അവർ ആദ്യം പരിവർത്തനം ചെയ്തപ്പോൾ ചെയ്തിരുന്ന പ്രവൃത്തി ചെയ്യുന്നില്ലായിരുന്നു.

എഫെസ്യ സഭ അവരുടെ "ആദ്യപ്രവൃത്തിയിൽ" നിന്ന് വ്യത്യസ്തമായി ചെയ്തിരുന്നതെങ്ങനെയായിരുന്നു? ഒരുപക്ഷെ പുതുതായി വിവാഹം കഴിച്ച ദമ്പതിമാർ ആ ചോദ്യത്തിന് ഉത്തരം നൽകിയേക്കാം. അവർ തങ്ങളുടെ സ്നേഹം പ്രകടമാക്കിയ രീതികൾ നോക്കുക: ഒരാൾ മറ്റൊരാളോട് മധുരമായും മൃദുലമായും സംസാരിച്ചിരുന്നു, മദ്യാഹ്നത്തിൽ ഫോണിൽ വിളിച്ച് സ്നേഹമൊഴികൾ ഉച്ചരിക്കും, ചെറിയ ചെറിയ സമ്മാനങ്ങളും ചുടുചുംബനങ്ങളും കൈമാറുമായിരുന്നു. ശ്രദ്ധ പിടിച്ചുപറ്റാൻ എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്യും.[41] നിർഭാഗ്യവശാൽ നമ്മിൽ പലരിലും ആ ആദ്യത്തെ അടുപ്പം കാലം ചെല്ലുമ്പോൾ മാറിപ്പോകുന്നു – തൽഫലമായി നമ്മുടെ കുടംബജീവിതത്തിൽ അസ്വാരസ്യം അനുഭവപ്പെടുന്നു.

കർത്താവിനോടുള്ള നമ്മുടെ ബന്ധത്തിൽ അതു പ്രായോഗികമാണെന്ന് കാണാം. ആദ്യം നാം ക്രിസ്ത്യാനിയായിരുന്നപ്പോൾ നമ്മിൽ താല്പര്യവും എരിവും നിറഞ്ഞിരുന്നു. അന്നത്തെയും ഇന്നത്തെയും നമ്മുടെ *പെരുമാറ്റ*ത്തിലുള്ള വ്യത്യാസം എന്താണ്? ഒരുപക്ഷെ അന്ന് നാം പുഞ്ചിരിക്കുന്ന മുഖത്തോടെ നേരത്തെ തന്നെ ആരാധനക്ക് വന്ന് ചേരും. കഴിവതും മറ്റു ക്രിസ്ത്യാനികളെയും നാം സന്ദർശിക്കുമായിരുന്നു. യേശു നമുക്ക് ചെയ്തത് നാം മിക്കവാറും എല്ലാവരോടും പറയുമായിരുന്നേക്കാം. സഹായിക്കുവാനുള്ള അവസരം നാം നോക്കിയിരുന്നേക്കാം – സേവനത്തിനുള്ള ഏതൊരു സാഹചര്യവും നാം ഒഴിവാക്കുമായിരുന്നില്ല. കാലം കഴിഞ്ഞപ്പോൾ ആ പഴയ "പ്രവൃത്തികളെല്ലാം" ഒരോർമ്മയായി – അതുകൊണ്ട് നമ്മുടെ ക്രിസ്തീയ ജീവിതവും കഷ്ടതയിലാകുന്നു.


എഫെസ്യയിലെ ക്രിസ്ത്യാനികളിലേക്ക് തങ്ങളുടെ ആദ്യസ്നേഹം വരേണ്ടതിന് അവർ തങ്ങളുടെ ആദ്യപ്രവൃത്തികൾ തിരിച്ചറിഞ്ഞ് *പ്രവർത്തി*ക്കേണ്ടിയിരുന്നു. സ്നേഹപ്രയത്നമാണ് നമ്മെ സ്നേഹമുള്ള മനോഭാവത്തിലേക്ക് തിരിക്കുന്നത്. "പുതിയവഴിയിൽ ജീവിക്കണമെന്ന തോന്നലുണ്ടാകുന്നതിനേക്കാൾ എളുപ്പമാണ് പുതിയരീതിയിൽ പ്രവർത്തിക്കുക" എന്ന് ആരോ പറയുകയുണ്ടായി. അതു വിവാഹജീവിതത്തിൽ പ്രായോഗികമാണ്. വിവാഹജീവിതത്തിൽ കലക്കമുണ്ടായ ദമ്പതിമാരോട്, അവരുടെ കുഴപ്പങ്ങൾ പരിഹരിച്ച് അന്യോന്യം സ്നേഹിക്കുവാൻ അവർ ആദ്യം ചെയ്തുകൊണ്ടിരുന്ന പ്രവൃത്തികൾ ചെയ്യുവാൻ അവരെ പ്രോൽസാഹിപ്പിക്കാറുണ്ട്.[42] അവർ അതു ചെയ്യുവാൻ തയ്യാറായാൽ അവരിൽ സ്നേഹം ജ്വലിപ്പിക്കുവാൻ കഴിയും. ആ തത്വം നമ്മുടെ ആത്മിയ ജീവിതത്തിലും പ്രായോഗികമാക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു.

## പ്രബോധനം (2:7)

വായനക്കാരൻ എഴുത്തിലെ ഈ ഭാഗത്ത് എത്തിയപ്പോൾ, "അതെ, സഹോദരൻ രൂഫൊസ് കൂടുതൽ സ്നേഹിക്കേണ്ടതാണ്," എന്ന തലയാട്ടി ചിന്തിക്കുന്നതു എനിക്ക് ഊഹിക്കുവാൻ കഴിയും. യേശു അത്തരം പ്രതികരണമാണ് പ്രതീക്ഷിക്കുന്നത്: "ആത്മാവ് സഭകളോട് പറയുന്നത്, കേൾപ്പാൻ ചെവിയുള്ളവൻ[43] കേൾക്കട്ടെ" (വാ. 7). മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവൻ പറഞ്ഞത്, "ഞാൻ ഇടവകകളെയാണ് അഭിസംബൊധന ചെയ്തതെങ്കിലും, ഞാൻ നിങ്ങളോട് ഓരോരുത്തരോടുമാണ് സംസാരിക്കുന്നത്. നിങ്ങൾ *ഓരോരുത്തരും* അത് പ്രായോഗികമാക്കണം."

## വാഗ്ദാനം (2:7)

യേശുവിൽനിന്ന് ത്രസിപ്പിക്കുന്ന ഒരു വാഗ്ദാനത്തോടുകൂടിയാണ് വായനക്കാരൻ അവസാനിപ്പിക്കുന്നത്. "ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും." (2:7). വരുത്തേണ്ട മാറ്റം വരുത്തിയില്ലെങ്കിൽ, ആത്മിയ*മരണ*മാണ് കാത്തിരിക്കുന്നതെന്ന മുന്നറിയിപ്പാണ് യേശു എഫെസ്യയിലെ ക്രിസ്ത്യാനികൾക്ക് നൽകിയത്. അവന്റെ വെല്ലുവിളിയോട് പ്രതികരിക്കുന്നവർക്ക് അവൻ ഇവിടെ ഒരു വാഗ്ദാനം നൽകുന്നു, ആത്മിയ*ജീവിതം* അവരുടേതായിതീരും. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപ് ആളുകൾക്ക് അവരുടെ പാപം നിമിത്തം ജീവവൃക്ഷത്തിൽനിന്നുള്ള ഫലം വിലക്കപ്പെടുകയുണ്ടായി (ഉൽപത്തി 3:24). അത് മനുഷ്യർക്ക് പുനരേകീരിച്ച് നൽകുമെന്നാണ് യേശു ഇവിടെ പറഞ്ഞത്. ദൈവത്തിന്റെ പറുദീസയിൽ ജീവവൃക്ഷത്തിന്റെ ഫലം സമൃദ്ധമായുണ്ടാകുന്ന ചിത്രം വെളിപ്പാടിന്റെ അവസാനം ചിത്രീകരിച്ചിട്ടുണ്ട് – അത് സ്വർഗത്തിലാണ്[44] – അതിന്റെ ഫലം രക്ഷിക്കപ്പെടുന്നവർക്ക് ആസ്വദിക്കുവാനും കഴിയും (22:1, 2)!



ജീവവൃക്ഷത്തിന്റെ ഫലം തിന്നുന്നു (2:7)

എഫെസ്യർക്ക് എന്നെങ്കിലും ജീവവൃക്ഷത്തിന്റെ ഫലം തിന്നണമെന്നുണ്ടെങ്കിൽ, അവർ തങ്ങളുടെ ആദ്യസ്നേഹം ജ്വലിപ്പിക്കേണ്ടിയിരുന്നു. "വിക്ടറി"[45] എന്ന വാക്കിന് ഉപയോഗിച്ച ഗ്രീക്ക് വാക്കിന്റെ ക്രിയാരൂപമാണ് "ഓവർകംസ്" എന്ന വാക്കിന് ഉപയോഗിച്ചത്.[46] ഒരാൾ നേരിടുന്ന സാഹചര്യത്തെ ജയിക്കുക എന്നതാണ് അതിനർത്ഥം. ഈ എഴുത്തിൽ എഫെസ്യർ തങ്ങളുടെ ആദ്യത്തെ ചൂടും ശുഷ്ക്കാന്തിയും വീണ്ടെടുക്കണമെന്നർത്ഥം.

## ഉപസംഹാരം

ഒരിക്കൽകൂടെ നമുക്ക് നമ്മുടെ ഊഹത്തിലുള്ള എഫെസ്യയിലെ സഭായോഗത്തിലേക്ക് തിരിച്ച് വരാം. വായനക്കാരൻ ആ എഴുത്ത് അവസാനിപ്പിച്ചപ്പോൾ അവരുടെ പ്രതികരണം എന്തായിരുന്നു? ചരിത്രം പറയുന്നതനുസരിച്ച് എഫെസ്യ സഭ പിന്നെയും അനേക വർഷം റോമൻ പ്രവിശ്യയിലെ ഒരു

നല്ല ശക്തിയായി തുടർന്നിരുന്നു. ചുരുങ്ങിയതു കുറെ കാലത്തേക്കെങ്കിലും, ആ ഇടവക യേശുവിന്റെ വാക്കുകൾ ഗൗരവമായി എടുത്തു എന്നാണ് ഞാൻ വിചാരിക്കുന്നത്.

ആ എഴുത്ത് അയച്ച് അധികം കഴിയുന്നതിനു മുൻപ് ഡൊമീഷ്യൻ മരിക്കുകയും, യോഹന്നാനെ പ്രവാസത്തിൽനിന്ന് മോചിപ്പിക്കയും ചെയ്തു. ആദ്യ എഴുത്തുകാർ പറയുന്നതനുസരിച്ച്, യോഹന്നാൻ മരണശയ്യയിലായിരുന്നപ്പോൾ, അന്യോന്യം സ്നേഹിപ്പാൻ അവൻ സഹോദരന്മാരോട് ആവശ്യപ്പെട്ടു. ഒരുപക്ഷെ, "പക്ഷെ നീ എന്തെങ്കിലും പുതുതായി ഞങ്ങളോട് പറയുക," എന്ന് പറഞ്ഞ് അവർ എതിർത്തിരിക്കാം. തന്റെ ആദ്യ എഴുത്തിൽനിന്ന് ഉദ്ധരിച്ച് യോഹന്നാന്, "പ്രിയരേ, ഞാൻ നിങ്ങൾക്ക് എഴുതുന്നത് ഒരു പുതിയ കല്പനയല്ല, പഴയ കല്പനയാകുന്നു, ... അത് നിങ്ങൾ അന്യോന്യം സ്നേഹിക്കേണം എന്ന്, ആദിമുതൽ കേട്ടതുതന്നെ" എന്ന് പറയുവാൻ കഴിയുമായിരുന്നു (1 യോഹന്നാൻ 2:7; 3:11).

എഫെസ്യസഭയ്ക്ക് എഴുതിയ എഴുത്ത് വളരെ വിഷമിപ്പിക്കുന്ന ഒന്നായിട്ടാണ് ഞാൻ കാണുന്നത് കാരണം അത് എന്റെ ലക്ഷ്യത്തെ നോക്കി കർത്താവിനെ സേവിപ്പാൻ ആവശ്യപ്പെടുന്നു. ഞാൻ ഈ വിധത്തിൽ ജീവിക്കുന്നത് എന്തിനാണ്? വളരെ കാലമായി ഒരു ശീലമായി തീർന്നതുകൊണ്ടാണോ ഞാൻ കർത്താവിനെ സേവിക്കുന്നത്? വെറും കടമ കൊണ്ടു മാത്രമാണോ ഞാൻ ദൈവത്തെ ആരാധിക്കുന്നത്? ആളുകളുടെ പ്രശംസക്ക് വേണ്ടിയാണോ ഞാൻ ആളുകളെ സഹായിക്കുന്നത്? അതോ ഞാൻ അവനെയും അവന്റെ നാമത്തെയും സ്നേഹിക്കുന്നതുകൊണ്ടാണോ അവന്റെ കല്പനകൾ അനുസരിക്കുന്നത്?

കുഴപ്പമുള്ള ഹൃദയത്തെ പരിശോധിക്കുന്നതിനേക്കാൽ വിഷമമുള്ള ആത്മിയ പ്രശ്നം മറ്റൊന്നില്ല, അതുപോലെ നമ്മുടെ ആത്മിയ ആരോഗ്യത്തെപോലെ വിഷമകരമായ ആത്മിയ പ്രശ്നവും മറ്റൊന്നില്ല. രോഗം ബാധിച്ച ഹൃദയത്തെ ചികിൽസിച്ചില്ലെങ്കിൽ, മരണം തീർച്ചയാണ്. എഫെസ്യസഭക്ക് എഴുതിയ ആ എഴുത്ത് നമ്മോട് ഓരോരുത്തരോടുമാണ് പറയുന്നത്, നിങ്ങളുടെ ഹൃദയ - പരിശോധന നടത്തുവാനായി ഒരു വലിയ ഡോക്ടറെ സമീപിക്കുവാൻ സമയം അതിക്രമിച്ചിരിക്കുന്നു![47]

നിങ്ങളുടെ ആദ്യസ്നേഹം വിട്ട് കളഞ്ഞിരിക്കാൻ സാധ്യതയില്ലേ? അങ്ങനെയെങ്കിൽ, ഇന്നു തന്നെ നിങ്ങളുടെ ഹൃദയത്തിൽ മങ്ങിക്കൊണ്ടിരിക്കുന്ന സനേഹത്തെ ജ്വലിപ്പിക്കുക - അധികം താമസിക്കുന്നതിന് മുൻപു തന്നെ ചെയ്യുക!"[48]

---

**ഉപദേഷ്ടാക്കന്മാർക്കും പ്രാസംഗികർക്കുമുള്ള കുറിപ്പുകൾ**

ആ ഏഴ് എഴുത്തുകളെ കുറിച്ചുള്ള പ്രസംഗങ്ങൾക്ക് ഉപദേഷ്ടാക്കന്മാർ ബുദ്ധിപൂർവ്വമായ പല തലവാചകങ്ങളും നൽകിയിട്ടുണ്ട്. എഫെസ്യ സഭയ്ക്ക് എഴുതിയ എഴുത്തിനെ കുറിച്ചുള്ള പാഠങ്ങൾക്ക് നൽകിയ പാഠ ങ്ങളുടെ തലവാചകത്തിൽ, "ഭക്തിയുണ്ട്, പക്ഷെ കുറവുണ്ടായിരുന്നു" "ഒന്ന് ഒഴിച്ച് എല്ലാം ഉണ്ട്," "വിനാശകരമായ ഒരു തെറ്റ്," "മധുവിധു കഴിഞ്ഞു."

ഈ പാഠത്തിലും അടുത്തതിലും, എന്റെ മുഖ്യപോയിന്റുകൾക്കായി

ഞാൻ ആ എഴുത്തുകളിലെ ഏഴ് മൂലകങ്ങളെ ഉപയാഗിച്ചിട്ടുണ്ട്. നിങ്ങൾക്ക് വേണമെങ്കിൽ മൂന്നു മുതൽ അഞ്ചുവരെ പോയിന്റുകൾ എടുത്ത് ഹൊമിലെറ്റിക് സമീപനം സ്വീകരിക്കാം (ഒരുപക്ഷെ അവ എല്ലാം ഒരേ അക്ഷരത്തിൽ തുടങ്ങുകയും ചെയ്യാം). പല എഴുത്തുകാരും/പ്രാസംഗികരും വന്ദനം ചർച്ചചെയ്യുകയും മുഖവുരയിൽ വിവരണവും പ്രബോധനവും നടത്തുകയും, എഴുത്തുകളുടെ ഹൃദയഭാഗം ബാഹ്യരൂപ രേഖയാക്കി, വാഗ്ദാനം ഉപസംഹാരത്തിൽ ഉൾപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്. എഫെസ്യസഭയ്ക്ക് എഴുതിയ എഴുത്തിലെ മദ്ധ്യ വാക്യങ്ങളെ എങ്ങനെ രൂപരേഖയാക്കാമെന്നതിന് ഇതാ ഒരു മാതൃക: "അപ്രൂവൽ," "അക്യുസേഷൻ," "അഡ്മൊണീഷ്യൻ,"[49] "ദ കമെന്റേഷൻ," "ദ ക്രിട്ടിസിസം," "ദ കൗൺസിൽ"[50] അത്തരം രൂപരേഖയിൽ, ആദ്യഭാഗം വാക്യങ്ങൾ 2 ഉം 3 ഉം 6 ഉം പ്രതിപാദിക്കുന്നു; രണ്ടാം ഭാഗം വാക്യം 4 നെ കുറിച്ച് പറയുന്നു; മൂന്നാം ഭാഗത്തിൽ വാക്യം 5 നേയും ആണ് പറയുന്നത്.

''ഏഴ് സഭകൾക്കുള്ള എഴുത്തുകളെ'' കുറിച്ച് ഒരു പരമ്പര തയ്യാറാക്കുന്നതിന്, വെളിപ്പാട് 2:1–7 ഉപയോഗിക്കുന്നതിന് പുറമെ, ഒരു വിവാഹജീവിതത്തിൽ സ്നേഹം എങ്ങനെ പുനരേകീകരിക്കാമെന്ന് കാണിക്കുന്ന ഒരൊറ്റ സന്ദേശമായും ഉപയോഗിക്കാം: ''തീപ്പൊരി ജ്വലിപ്പിക്കാമോ?" അത്തരം അവതരണത്തിന്, വിവാഹജീവിതസ്നേഹവും ആത്മിയജീവിതസ്നേഹവും തമ്മിലുള്ള താരതമ്യം വിപുലമാക്കുക.

---

കുറിപ്പുകൾ

[1]എഫെസ്യസഭയ്ക്ക് എഴുത്ത് അയച്ചപ്പോൾ, മറ്റ് എഴുത്തുകൾക്ക് പുറമെ. വെളിപ്പാടിലെ ശേഷം ഭാഗങ്ങളും അയച്ചുകൊടുത്തു എന്നതിന്റെ സൂചന നാം കാണുന്നില്ല. [2]ദൂതന്മാരെ [സന്ദേശവാഹകരെ] തിരിച്ചറിയുവാൻ ഈ പുസ്തകത്തിൽ ആദ്യം ചർച്ച ചെയ്തിരിക്കുന്നത് നോക്കുക. [3]ലിയോൺ മോറിസ്, റെവെലേഷൻ, റെവ. എഡി., ദ ടെൻഡേയിൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 58. എഫെസൊസ് ആദ്യം പറയുവാൻ കാരണം ഒരുപക്ഷെ പൗലൊസ് ആദ്യം ചെയ്തതുപോലെ യോഹന്നാൻ അവിടെ യോഹന്നാൻ താമസിച്ച് തന്റെ പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ചതുകൊണ്ടാകാം. [4]മിക്ക എഴുത്തുകാരും എഫെസൊസിലെ ജനങ്ങളെ കുറിച്ചു പൊതുവായും, പ്രത്യേകിച്ച് ഡയാനക്ഷേത്രത്തെ കുറിച്ചും വിശദീകരിക്കുവാൻ വളരെ സ്ഥലം മാറ്റി വെച്ചിരുന്നു: (1) കാരണം ലോകത്തിൽ അന്ന് എഫെസൊസിന് പുരാതന ലോകത്തിലുണ്ടായിരുന്ന പ്രാധാന്യം, (2) അവിടെ ലഭ്യമായിരുന്ന വിവരങ്ങൾ നിമിത്തം. രണ്ട് കാരണങ്ങൾകൊണ്ട് എഫെസൊസിനെക്കുറിച്ചുള്ള എന്റെ വിവരണങ്ങൾ ചുരുങ്ങിയതാണ്: (1) ബൈബിൾ വിദ്യാർത്ഥികൾക്ക് എഫെസൊസിനെ കുറിച്ച് ധാരാളം വിവരങ്ങൾ പ്രവൃത്തികളുടെ പുസ്തകം, എഫെസ്യർ, 1 തിമൊഥെയൊസ്, എന്നീ പുസ്തക പഠനങ്ങളിൽനിന്ന് ലഭിക്കും, (2) പട്ടണത്തെ കുറിച്ച് പട്ടണത്തിൽ അല്പം വെളിച്ചമേ പകരുന്നുള്ളു. [5]"ആംഫിതിയേറ്ററിനെ" പ്രവൃത്തികൾ 19:29, 31-ൽ "തിയേറ്റർ" എന്നും വിളിച്ചിട്ടുണ്ട്. [6]ആ നാശാവശിഷ്ടങ്ങൾ സ്ഥിതി ചെയ്തത് തുർക്കിയിലെ, സെൽക്കക്കിലാണ്. [7]എഫെസൊസ് സ്ഥിതി ചെയ്തതു കാണുവാൻ "ആസ്യയിലെ ഏഴ് സഭകളും പത്മൊസ് ദ്വീപും" എന്ന ഭൂപടം നോക്കുക. [8]1:16-ൽ എൻഏഎസ്ബി തർജിമ ചെയ്തിരിക്കുന്ന വാക്ക് "ഹെൽഡ്" എന്നാണ്, പക്ഷെ ഗ്രീക്ക്

വാക്കിന്റെ അക്ഷരികമായ അർത്ഥം “ടു ഹാവ്” എന്നാണ്. [9]മോറിസ്, 59. (എംഫസിസ് മൈൻ.) [10]ഏഴ് നക്ഷത്രങ്ങളുടെ അർചത്ഥം ചർച്ച ചെയ്യുന്നതിന്, ഈ പുസ്തകത്തിൽ ആദ്യം വന്ന, “മനുഷ്യപുത്രനോട് സദൃശനായവൻ” എന്ന പാഠം നോക്കുക. എങ്ങനെ യായാലും, തീർപ്പിലെത്തിയിരിക്കുന്നത് നക്ഷത്രങ്ങൾ പ്രതിനിധീകരിക്കുന്നത് ഇടവകകളായിട്ടാണ് (അതുകൊണ്ട് ആ ഇടവകയിലെ അംഗങ്ങൾ).

[11]സഭയ്ക്ക് യേശു മാത്രമെ തലയായിട്ടുള്ളു (എഫെസ്യർ 1:22, 23; കൊലൊസ്യർ 1:18, 24). [12]നമ്മിൽ നിന്നു വ്യത്യസ്തമായി യേശുവിന് ഒരാളുടെ ഉള്ളിലുള്ളത് എന്തെന്ന് അറിയാം (യോഹന്നാൻ 2:24, 25). ഉദ്ദേശങ്ങളെ അറിഞ്ഞ് വിധിക്കുവാൻ അവന് മാത്രമെ കഴിയുകയുള്ളു. [13]ഏകവചന “ദൂതൻ” എന്നതിനോട് യോജിക്കുന്നതാണ് ഇവിടെ ഏകവചനത്തിൽ ഉപയോഗിച്ച “നിന്റെ” എന്ന വാക്ക് (വാ. 1), അത് *ഒറ്റ* ഇടവകയെ സൂചിപ്പിക്കുന്നു (എഫെസൊസ് സഭ). ഗ്രീക്ക് വേദപുസ്തകത്തിൽ എഴുത്ത് മുഴുവൻ ഏകവചനത്തിലാണ്. [14]“നിന്റെ പ്രവൃത്തികൾ” എന്ന പദപ്രയോഗം സൽപ്രവൃത്തികളും/ദുഷ്പ്രവൃത്തികളും ആകാം. [15]ഹോമൽ ഹെയ്ലി, *റെവെലേഷൻ: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കൽ ബുക്ക് ഹൗസ്, 1979), 120. [16]കെജെവിയിൽ “ക്ഷമ” എന്നാണ്. അതിൽ “ക്ഷമയോടുകൂടിയ സഹിഷ്ണുതയും” ഉൾപ്പെട്ടിരിക്കുന്നു. [17]വില്യം ബാർക്ലേ, *ലെറ്റേഴ്സ് ടു ദ സെവെൻ ചർച്ചസ്* (ഫിലദെൽഫിയ വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1957), 22. [18]രണ്ടു തിമൊഥെയൊസ് 1:13 ഉം തിത്തൊസ് 2:1 ഉം മറ്റു വേദഭാഗങ്ങളും സൂചിപ്പിക്കുന്നത് “സൗണ്ട്” എന്നത് ഉപ ദേശവുമായി ബന്ധപ്പെട്ടാണ്. ആ പദപ്രയോഗത്തിലെ “സൗണ്ട്” എന്നതിന്റെ അർത്ഥം, “സൗണ്ട് ഓഫ് ബോഡി,” ഹെൽതി, ഹോൾ, സ്ട്രോങ്ങ് എന്നാണ്. [19]കാലമൊഴിച്ച്, ഇംഗ്ലീഷിലും ഗ്രീക്കിലും ഒരേ വാക്കുകളാണുള്ളത്. [20]“അപ്പൊസ്തലന്മാർ” എന്ന് അവകാശപ്പെട്ടിരുന്നവരെ പ്രവൃത്തികൾ 1:21, 22 ലെ യോഗ്യതകൾ വെച്ച് പ രിശോധിക്കുവാൻ കഴിയുമായിരുന്നു. ഇന്ന് അപ്പൊസ്തലന്മാരെന്നും, അവരുടെ പി ൻഗാമികളെന്നും അവകാശപ്പെടുന്നവരെയും അങ്ങനെ പരിശോധിക്കാവുന്നതാണ്.

[21]ഈ പുസ്തകത്തിൽ പിന്നീട് പെർഗമൊസ് സഭയെ കുറിച്ച് പഠിക്കുമ്പോൾ, ബിലെയാമിനെ കുറിച്ച് കൂടുതലായി മനസിലാക്കാം. [22]നോസ്റ്റിസിസവിഭാഗത്തിന്റെ വളർച്ച രണ്ടും മൂന്നും നൂറ്റാണ്ടുകളിലാണ്, എന്നാൽ ഒന്നാം നൂറ്റാണ്ടിന്റെ അവസാനഭാഗത്ത് ഉണ്ടായിരിക്കയും പൗലൊസും, യോഹന്നാനും, മറ്റ് എഴുത്തുകാരും അതിനെ ഖണ്ഡിക്കുകയും ചെയ്തിരുന്നു. മറ്റാർക്കും ആ ജ്ഞാനം ലഭ്യമല്ല എന്നാണ് അവരുടെ അവകാശവാദം. [23]ഏൾ. എഫ്. പാമർ, 1, 2, 3 *ജോൺ ആന്റ് റെവെലേഷൻ*, ദ കമ്മ്യൂണിക്കേറ്റേഴ്സ് കമെന്ററി സീരീസ്, വാല്യം, 12 (ഡള്ളാസ്: വേഡ് പബ്ലിഷിങ്ങ്, 1982), 126. “സഭാപിതാക്കന്മാർ” എന്ന - റിയപ്പെട്ടവരിൽ ഒരാളായിരുന്നു ഹിപോളിറ്റസ് (അതായത് ആദ്യസഭയെ സ്വാധീനിച്ചിരുന്ന ദൈവശ്വാസിയരല്ലാതിരുന്ന എഴുത്തുകാർ). [24]പ്രവൃത്തികൾ 6-ൽ തിരഞ്ഞെടുക്കപ്പെട്ടവർ ശുശ്രൂഷകന്മാരായിരുന്നോ എന്ന ചർച്ചക്ക് ഡേവിഡ് റോപ്പറിന്റെ പ്രവൃത്തികൾ, 2 എന്ന പുസ്തകത്തിലെ ‘‘അദ്ധ്യക്ഷന്മാർക്കുള്ള അത്യാവശ്യം’’ എന്ന പാഠം നോക്കുക. [25]അവരുടെ തെറ്റ് വാസ്തവത്തിൽ നിക്കൊലാവ്യരിൽനിന്ന് വന്നതായിരുന്നോ എന്ന് നമുക്ക് അറിയില്ല. ദൈവശ്വാസിയരല്ലാത്ത ചില എഴുത്തുകാർ പറയുന്നത് നിക്കൊലാവ്യർ സത്യത്തിൽനിന്ന് വീണുപോയവരാണ് എന്നാണ്, പക്ഷെ പ്രാരംഭത്തിലെ മിക്ക എഴുത്തുകാരും അതിനെ നിഷേധിച്ചിരിക്കയാണ്. [26]ഹെയ്ലി, 121. [27]*അഗാപെ* എന്ന വാക്ക് തർജിമ ചെയ്തതാണ് “സ്നേഹം” (നിസ്വാർത്ഥമായ സമർപ്പണസ്നേഹം). ക്രിസ്തീയ ഗുണങ്ങളിൽ ഏറ്റവും വലുതാണ് *അഗാപെ* സ്നേഹം (1 കൊരിന്ത്യർ 13:13; കൊലൊസ്യർ 3:14). [28]‘‘വിട്ടുകളഞ്ഞു’’ എന്നത് ഗ്രീക്കിൽനിന്ന് തർജിമ

ചെയ്തിരിക്കുന്നത് "ശക്തമായ വാക്കാണ്, അത് അർത്ഥമാക്കുന്നത്, അവരുടെ ആദ്യതാൽപര്യം പൂർണ്ണമായും ഉപേക്ഷിച്ചു എന്നാണ് വ്യക്തമാക്കുന്നത്'' (മോറിസ്, 60). [29]ഈ ഇടവകയെ അഭിനന്ദിക്കുന്നതും കുറ്റംവിധിക്കുന്നതും തമ്മിൽ ബന്ധമുണ്ടായേക്കാം എന്ന് പറയുപ്പെട്ടിട്ടുണ്ട് - അവരുടെ മനോഭാവം കാപട്യത്തിലേക്കും, വിധിക്കുന്നതിലേക്കും തിരിഞ്ഞു. അത് അങ്ങനെ ആയിരുന്നോ എന്ന് എനിക്ക് സംശയമുണ്ട്, കാരണം യേശു അവരുടെ എരിവിനെ *അഭിനന്ദിക്കുന്നുണ്ട്.* എങ്ങനെയായാലും, സത്യത്തിനുവേണ്ടിയുള്ള നമ്മുടെ സ്നേഹത്തെ കാപട്യത്തിലേക്കും തെറ്റു കണ്ടെത്തുന്നതിലേക്കും തിരിയാതെ സൂക്ഷിക്കണം. [30]യേശു സംസാരിച്ച സ്നേഹം, തന്നെയും ദൈവത്തെയും സ്നേഹിക്കുന്നതോ അല്ലെങ്കിൽ മറ്റുള്ളവരെ സ്നേഹിക്കുന്നതോ (സഹക്രിസ്ത്യാനികളടക്കം) ആകാമെന്ന് സൂചിപ്പിക്കുന്ന വാക്കുകൾ തർജിമക്കാർ വേദഭാഗത്തോട് ചേർത്തിട്ടുണ്ട്.

[31]എഫെസ്യർക്ക് ആദ്യം ദൈവത്തോടും മനുഷ്യരോടും ഉണ്ടായിരുന്ന സ്നേഹത്തെ പ്രവൃത്തികൾ 19 വ്യക്തമാക്കുന്നു. ക്ഷുദ്രപ്രയോഗം നടത്തിയിരുന്ന അവരുടെ പുസ്തകങ്ങൾ പരസ്യമായി ചുട്ടുകളയുകയും സുവിശേഷം ആ പ്രദേശമൊക്കെയും വ്യാപിപ്പിക്കുകയും ചെയ്തു (വാ. 10, 18–20; എഫെസ്യർ 1:15; 6:24). [32]ദ *ന്യുടെസ്റ്റമെന്റ് ഇൻ മോഡേൺ ഇംഗ്ലീഷ്*, എഡി. ജെ. ബി. ഫിലിപ്സ് (ന്യുയോർക്ക്: മാക്മില്ലൻ കമ്പനി., 1958). (എംഫസിസ് മൈൻ.) [33]"അവർ കർത്താവിന്റെ സഭയായി നിലനിൽക്കുന്നത് നിന്നുപോകും" (ജെ. ഡബ്ലിയു. റോബെർട്ട്സ്, *ദ റെവെലേഷൻ ടു ജോൺ ധദ അപോകാലിപ്സ് പ*ദ ലിവിങ്ങ് വേഡ് കമെന്ററി സീരീസ് [ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1974], 11). "നിലവിളക്ക് നീക്കം ചെയ്യലിനെ" കുറിച്ച് വേറെയും വ്യാഖ്യാനങ്ങളുണ്ട്, എന്നാൽ ഇതാണ് സന്ദർഭത്തോട് ഏറ്റവും യോജിക്കുന്നത്. പുരാതന എഫെസൊസിൽ നമ്മുടെ കർത്താവിന്റെ സഭ നിലവിലില്ല. [34]റിച്ചേർഡ് റോജേഴ്സ്, "ലെറ്റേഴ്സ് ടു ദ സെവെൻ ചർച്ച*സ്, നമ്പർ.1" വീഡിയോ സീരീസ് ഓൺ റെവലേഷൻ* 4 (ലബ്ബക്ക്, ടെക്സ്.: സൺസെറ്റ് എക്സ്റ്റെൻഷൻ ഡിപ്പാർട്ട്മെന്റ്, 1990). [35]നാൽപതു വർഷത്തിലധികമായി നിലനിന്ന സഭയോടാണ് യേശു സംസാരിച്ചത്, അതുകൊണ്ട്, വളരെ കാലമായി ക്രിസ്തീയജീവിതം നയിക്കുന്നവരോടായിരുന്നു അവന്റെ പ്രബോധനം. കേൾവിക്കാരധികവും പുതിയ ക്രിസ്ത്യാനികളായിരുന്നുവെങ്കിൽ, അവരുടെ ആദ്യതാൽപര്യം കാത്തുകൊണ്ടില്ലെങ്കിൽ സംഭവിക്കാ*നിട*യുള്ളത് അവരെ മുന്നറിയിക്കുകയാവും ചെയ്യുക. [36]ആർ എന്ന അക്ഷരത്തിൽ തുടങ്ങിയ ഉപപോയിന്റുകൾ മിക്ക എഴുത്തുകളിലും കാണാവുന്നതാണ്. അതു തുടങ്ങിയത് ആരാണെന്ന് അറിയുക പ്രയാസമാണ്. [37]വർത്തമാനകാലമാണ് ഉപയോഗിച്ചിരിക്കുന്നത്, അതുകൊണ്ട്, തർജിമ ചെയ്യാവുന്നത്, "ഓർത്തുകൊണ്ടിരിക്കുക," "ഓർമ്മയിൽ തുടരുക" എന്നിങ്ങനെയാണ്. [38]മുലഭാഷയിൽ ഇവിടെ അയോറിസ്റ്റ് കാലമാണ് ഉപയോഗിച്ചിരിക്കുന്നത്, ഒരിക്കൽ – മാത്രം സംഭവിക്കുന്നത് എന്നു സുചിപ്പിക്കുന്നു. പാപത്തെ ഉരിഞ്ഞുകളയുന്നതാണ് മാനസാന്തരഫലം. [39]*ലിഡൽ ആന്റ് സ്കോട്ട്സ് ഇംഗ്ലീഷ് ലെക്സിക്കൻ* 25 ത് എഡി., റെവ. ആന്റ് അബർ (ലണ്ടൻ: ക്ലാരെന്റൺ പ്രസ്, 1992), എസ്.വി. "*മറ്റാനോയിയ.*" [40]ചില എഴുത്തുകാർ മൂനാമത്തെ ആറിന് "റിട്ടേൺ" എന്ന് ഉപയോഗിച്ചിട്ടുണ്ട്.

[41]നിങ്ങളുടെ പ്രദേശത്തെ ആളുകൾ സ്നേഹം പ്രടിപ്പിക്കുന്നത് വേറെ വിധത്തിലായിരിക്കാം. നിങ്ങളുടെ സാഹചര്യത്തിന് യോജിക്കുന്നത് പറയുക. [42]അവർക്ക് വീട്ടിൽ കുട്ടികളുണ്ടെങ്കിൽ, ആഴ്ച്ചയിൽ ഒരു ദിവസം, ആഴ്ച്ചയുടെ അവസാനം അവർ ഒരുമിച്ച് സമയം ചെലവിടുവാൻ പറയാറുണ്ട്. [43]യേശുവിന് ഇഷ്ടപ്പെട്ട ഗുണദോഷിക്കലായിരുന്നു അത് (മത്തായി 11:15; 13:43; മർക്കൊസ്

4:23; ലൂക്കൊസ് 14:35 നോക്കുക). [44]"പറുദീസ" എന്ന വാക്ക് പാർസിയിൽനിന്ന് ഉത്ഭവിച്ചതാണെന്ന് കരുതപ്പെടുന്നു, പാർസി രാജാക്കന്മാരുടേയും മഹാന്മാരുടേയും മാനസികോല്ലാസത്തിനുള്ള പാർക്ക് അല്ലെങ്കിൽ സുഖകരമായ തോട്ടം എന്നു സൂചിപ്പിക്കുന്നു. സെപ്ത്വജിന്റിൽ ആ വാക്ക് ഏദെൻ തോട്ടത്തിനാണ് ഉപ യോഗിച്ചിരിക്കുന്നത്. ഇവിടെ, മനുഷ്യർക്ക് ദൈവസാന്നിധ്യത്തിൽ യഥാസ്ഥാന പ്പെടുത്തിയ സ്വർഗീയ ഏദെനെയാണ് അർത്ഥമാക്കുന്നത്. [45]ഇത് വെളിപ്പാടിലെ മുഖ്യവാക്കാണ്. ഈ പുസ്തകത്തിൽ ആദ്യം വന്നതായി "ദൈവമേ, ഞങ്ങൾ ജയിച്ചിരിക്കയാൽ നന്ദി" എന്ന പാഠത്തന്റെ മുഖവുര നോക്കുക. [46]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷിലേ: ബ്രോഡ്മാൻ പ്രസ്, 1951), 112. [47]ഹൃദയം – അറിയുന്ന ഏറ്റവും വലിയവനാണ് ദൈവം (യിരെമ്യാവ് 17:10; 1 രാജാക്കന്മാർ 8:39; 1 ദിനവൃത്താന്തം 28:9; ലൂക്കൊസ് 16:15). ദാവീദ് സങ്കീർത്തനങ്ങൾ 139:23, 24–ൽ ദാവീദ് പ്രാർത്ഥിക്കുന്നതുപോലെയായിരിക്കണം നമ്മുടെ പ്രാർത്ഥന. [48]ഓർക്കുകയും, മാന സാന്തരപ്പെടുകയും, ആവർത്തിക്കുകയും ചെയ്യുക എന്നത് വ്യക്തിപരമായി പ്രാ യോഗികമാക്കുക. മാനസാന്തരത്തിൽ കാര്യങ്ങൾ ശരിയാക്കുന്നതും ഉൾപ്പെടുന്നു (മാനുഷികമായി സാധ്യമാകുന്ന വിധത്തിൽ). കാര്യങ്ങൾ ശരിയാക്കുന്നതിൽ സഭയുമായി രമ്യമാകുന്നതും ഉൾപ്പെടുന്നു (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16). ഇത് ഒരു പ്രസംഗത്തിനായി നിങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ, ഈ പാഠം കൂടുതലും അ – ക്രൈസ്തവരേക്കാൾ ക്രൈസ്തവർക്കാണ് എന്ന് ഊന്നി പറയുക. "ക്രിസ്ത്യാനി കളാകാത്തവരെ കർത്താവിനെ അനുസരിക്കുന്നതിന്, ഉത്തേജിപ്പിക്കാനായി, ക്രിസ്ത്യാനികൾ അനുഭവിക്കുന്ന ആവേശകരമായഅനുഗ്രഹം നിങ്ങൾക്ക് വേണ്ടേ? എന്നു ചോദിച്ചിട്ട്, എന്തുകൊണ്ട് പിന്നെ മർക്കൊസ് 16:15, 16–ൽ പറഞ്ഞിരിക്കുന്ന സ്നാനം ഇന്ന് ഏറ്റുകൂടാ?" എന്നു ചോദിക്കുക. ആ അനുസരണം ഹൃദയത്തിൽനി ന്നായിരിക്കണം എന്നും ഊന്നി പറയുക (റോമർ 6:3–6, 17, 18). [49]ജോൺ റിസേ, "എഫെസസ് ദ റിയൽ ലൂസർ." *ദ ബുക്ക് ഓഫ് റെവലേഷൻ സീരീസ്*, വാല്യം. 1, ആഡിയോടേപ് (അബിലീൻ, ടെക്സ്.: സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റ്, 1991). [50]ജെ. ലോക്ഹാർട്ട്, "ദ ലെറ്റർ ടു ദ ചർച്ച് അറ്റ് എഫെസസ്." *ട്രൂത്ത് ഫോർ ടുഡേ* (മാർച്ച് 1988):6–9.

---

### പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ

1. എഫെസ്യ സഭയോടാണ് ആദ്യം സംബോധന ചെയ്തതെന്ന് കരുതു വാൻ കാരണം എന്താണ്?
2. എഫെസ്യസഭയെ കുറിച്ച് നിങ്ങൾക്ക് എന്തറിയാം? എഫെസൊസിൽ സഭ ആരംഭിച്ചതും വളർന്നതും എങ്ങനെ എന്ന് വിവരിക്കുക.
3. ഈ എഴുത്തിൽ, യേശുവിനെ കുറിച്ച് വിവരിക്കുന്നതിൽ ഏതല്ലാം രണ്ടു കാര്യങ്ങളാണ് എഫെസ്യ സഭ അറിയേണ്ടിയിരുന്നത്?
4. യേശു സഭകളിലൂടെ നടക്കുമ്പോൾ, നിങ്ങൾ ആയിരിക്കുന്ന ഇടവക യിൽ എന്തു കാണുമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്? ഏറ്റവും മുഖ്യമായി *നിങ്ങളുടെ* ഹൃദയത്തിൽ എന്തു കാണും?
5. പ്രശംസിക്കത്തക്കതായി എഫെസ്യസഭയിൽ എന്താണ് വിലയുള്ള തായി യേശു കണ്ടത്? ആ ഗുണങ്ങൾ എല്ലാ സഭകൾക്കും വേണോ?

6. നിക്കൊലാവ്യർ ആരായിരുന്നു?
7. എഫെസ്യക്രിസ്ത്യാനികളിൽ പ്രശംസിക്കത്തക്കതായി ചിലത് കണ്ടത് അസാധാരണമായി നിങ്ങൾ കാണുന്നുണ്ടോ? ക്രിസ്ത്യാനികളായ നാം എന്താണ് *വെറുക്കേണ്ടത്*? എന്താണ് വെറുക്കാതിരിക്കേണ്ടത്?
8. എഫെസ്യസഭ വളരെ അധികം കാര്യങ്ങൾ ചെയ്തിരുന്നുവെങ്കിലും അവരുടെ "*മാരകമായ തെറ്റ്*" എന്തായിരുന്നു? എന്തുകൊണ്ടാണ് ആ തെറ്റ് അന്നും (ഇന്നും) ഗൗരവമുള്ളതായിരിക്കുന്നത്?
9. "ആദ്യസ്നേഹം" എന്ന പദപ്രയോഗം വിവരിക്കുക. വിവാഹജീവിതത്തിൽ എന്താണ് "ആദ്യസ്നേഹം"? ക്രിസ്തീയ ജീവിതത്തിൽ എന്താണ് "ആദ്യസ്നേഹം"?
10. "ആദ്യസ്നേഹത്തിന്റെ" തീവ്രതയും ആവേശവും വിവാഹജീവിതത്തിലും ക്രിസ്തീയ ജീവിതത്തിലും *സ്വാഭാവികമായി* ഉണ്ടാകുമോ?
11. അവർ മാനസാന്തരപ്പെട്ടില്ലെങ്കിൽ അവരുടെ നിലവിളക്ക് യേശു നീക്കിക്കളയുമെന്ന് പറഞ്ഞതിന്റെ അർത്ഥം എന്ത്?
12. സ്നേഹത്തിന്റെ തീപ്പൊരി ജ്വലിപ്പിക്കുവാൻ മൂന്നുവിധത്തിലുള്ള എന്തു പ്രതിവിധിയാണ് യേശു നൽകിയത്?
13. "ആദ്യം ചെയ്തുകൊണ്ടിരുന്ന പ്രവൃത്തി" ചെയ്യുന്നതും വെറുതെ "കർത്താവിന്റെ വേല ചെയ്യുന്നതും" തമ്മിലുള്ള വ്യത്യാസമെന്ത്?
14. എഫെസ്യയിലെ "ജയിക്കുന്നവർക്ക്" യേശു നൽകുമെന്ന് പറഞ്ഞ വാഗ്ദാനമെന്ത് എന്ന് വിവരിക്കുക.
15. എല്ലാ എഴുത്തുകളിലും വെച്ച് എഫെസ്യർക്ക് എഴുതിയ എഴുത്ത് "ഏറ്റവും വിഷമിപ്പിക്കുവാൻ" കാരണം എന്ത്?